# ചിതറ സി ഡി എസ് - കോവിഡ് 19 നിയന്ത്രണ പ്രവർത്തനങ്ങൾ

കൊല്ലം ജില്ലയുടേയും തിരുവനന്തപുരം ജില്ലയുടേയും അതിർത്തി പങ്കിടുന്ന മലയോര പ്രദേശത്തെ ഒരു ഗ്രാമ സി ഡി എസ് ആണ് ചിതറ സി ഡി എസ്. കൊല്ലം ജില്ലയിലെ ചടയമംഗലം ബ്ളോക്കിൻറെ പരിധിയിൽ ഉൾപെട്ട പഞ്ചായത്താണ് ചിതറ പഞ്ചായത്ത് . ആദിവാസി ഊരുകൾ ഉൾപ്പെടുന്ന ഒരു പ്രദേശവും സി ഡി എസിൻറെ ഭാഗമായിട്ടുണ്ട്.

**പ്രാഥമിക വിവരങ്ങൾ**

| | |
|---|---|
| ആകെ എ ഡി എസുകൾ | -23 |
| ആകെ അയൽക്കൂട്ടങ്ങൾ | -540 |
| ആകെ അയൽക്കൂട്ട അംഗങ്ങൾ | -7327 |
| സ്പെഷ്യൽ അയൽക്കൂട്ടങ്ങൾ | -10 |
| എസ് .റ്റി. അയൽക്കൂട്ടങ്ങൾ | -11 |
| വയോജന അയൽക്കൂട്ടങ്ങൾ | -32 |
| ബാലസഭ | -92 |
| ജെ. എൽ. ജി | -79 |
| സംരംഭങ്ങൾ | -45 |

## കോവിഡ് കാലഘട്ടത്തിൽ സി ഡി എസിൻറെ നേതൃത്വത്തിൽ ചെയ്ത പ്രവർത്തനങ്ങൾ

ലോകത്തെ മുഴുവൻ ഭീതിയിലാഴ്ത്തിയ കോവിഡ് – 19 വൈറസ് വ്യാപനം പ്രതിരോധിക്കാൻ ചിതറ കുടുംബശ്രീ സി ഡി എസും ചിതറ തദ്ദേശസ്വയംഭരണ സ്ഥാപനവും ഏറ്റെടുത്ത ക്രിയാത്മക പ്രവർത്തനങ്ങൾ വളരെ മികവുറ്റതാണ്.

ലോക്ഡൌൺ കാലഘട്ടത്തിൽ ജില്ലാമിഷൻറെ നിർദേശപ്രകാരം ഒരു വാട്സപ്പ് കൂട്ടായ്മ രൂപീകരിക്കുകയും കുടുംബശ്രീമിഷനിൽ നിന്ന് ലഭിക്കുന്ന വിവരങ്ങൾ അതുവഴി കൈമാറാനും കഴിഞ്ഞു. കോവിഡ് – 19 വൈറസ് വ്യാപനം പ്രതിരോധിക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ താഴേത്തട്ടിലേക്ക് ഫലപ്രദമായി എത്തിക്കാനും കഴിഞ്ഞു. വാട്സപ്പ് കൂട്ടായ്മയിൽ സി ഡി എസ് ചെയർപേഴ്സൺ, സി ഡി എസ് അക്കൌണ്ടൻറ് , സി ഡി എസ് അംഗങ്ങൾ, എ ഡി എസ് അംഗങ്ങൾ, ബ്ലോക്ക് കോർഡിനേറ്റർമാർ എന്നിവരാണ് അംഗങ്ങളായി ഉണ്ടായിരുന്നത്. ടി വി – പത്രമാധ്യമങ്ങളിലൂടെയുള്ള നിർദേശങ്ങളും ഗവ. ഉത്തരവുകളും താമസംവിനാ കുടുംബശ്രീ അംഗങ്ങളിലേക്ക് എത്തിക്കാൻ കഴിഞ്ഞു.

ലോക്ഡൌൺ കാലഘട്ടത്തിൽ സർക്കാർ നിർദേശപ്രകാരം വിശപ്പ് രഹിതകേരളം പദ്ധതിയുടെ ഭാഗമായി നിരാലംബരായ ആൾക്കാരെ കണ്ടെത്തി കുടുംബശ്രീ സി ഡി എസും തദ്ദേശസ്വയംഭരണ സ്ഥാപനവും ഒറ്റക്കെട്ടായി നിന്ന് സാമൂഹിക അടുക്കളയിലൂടെ ഭക്ഷണവിതരണം നല്ല രീതിയിൽ നടത്താൻ കഴിഞ്ഞു. പ്രതിദിനം ഏകദേശം 230 ഓളം പാവപ്പെട്ടവർക്ക് ആഹാരവിതരണം സാധ്യമായി. അതിനായിതിരഞ്ഞെടുത്ത വോളണ്ടിയർമാരും വാർഡ് മെമ്പർമാരും സി.ഡി.എസ്സ് അംഗങ്ങളും മികവുറ്റ പ്രവർത്തനം കാഴ്ച വച്ചു.കമ്മ്യൂണിറ്റി കിച്ചനിലെ പ്രവർത്തനം സർക്കാർ നിർദ്ദേശപ്രകാരം മാസ്ക് ധരിച്ചും സാമൂഹിക അകലം പാലിച്ചും മറ്റ് സുരക്ഷാമാനദണ്ഡങ്ങൾ പാലിച്ചും തന്നെ ആയിരുന്നു.

കമ്മ്യൂണിറ്റി കിച്ചൻറെ പ്രവർത്തനത്തിനോടൊപ്പം തന്നെ പഞ്ചായത്തിൽ ജനകീയഹോട്ടലും പ്രവർത്തിച്ച് വരുന്നു.കമ്മ്യൂണിറ്റികിച്ച ൻെറ പ്രവർത്തനം നിർത്തലാക്കി എങ്കിലും ജനകീയഹോട്ടലിൻറെ പ്രവർത്തനം മികച്ച രീതിയിൽ തുടരുന്നു.



കമ്മ്യൂണിറ്റി കിച്ചൻ

സാമൂഹിക അടുക്കളയിലേക്കുള്ള പച്ചക്കറി മറ്റ് ആവശ്യസാധനങ്ങൾ എന്നിവ സി.ഡി.എസ്സിൻറെ നേതൃത്വത്തിൽ സംഭാവന ചെയ്യുകയുണ്ടായി. പൊതുജനങ്ങൾക്ക് ആവശ്യമായ മാസ്ക്കുകൾ ഹാൻഡ് വാഷ് എന്നിവ കുടുംബശ്രീ സംരംഭങ്ങൾ വഴി നിർമ്മിച്ച് വിതരണം ചെയ്തു.വാർഡുകളിലെ പാവപ്പെട്ട ആളുകൾക്ക് സി.ഡി.എസ്സ് ചെയർപ്ഴ്സൻറെ നേതൃത്വത്തിൽ പച്ചക്കറി,മറ്റ് സാധനങ്ങൾ എന്നിവ വിതരണം ചെയതു.



മാസ്ക് പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറുന്നു.

ബാലസഭക്കുട്ടികളെ ഉൾപെടുത്തി ഒരു വാട്സപ്പ് ക്കൂട്ടായ്മ രൂപീകരിച്ച് കുട്ടികളുടെ സർഗവാസനകൾ അത് വഴി പങ്കുവയ്ക്കുകയും പ്രോത്സാഹനം നല്കുകയും ചെയ്തു.ലോക്ക്ഡൌൺ കാലഘട്ടത്തിലെ കുട്ടികളുടെ പിരിമുറുക്കം ഒരു പരിധിവരെ പരിഹരിക്കാൻ കഴിഞ്ഞു.

മുഖ്യമന്ത്രിയുടെ സഹായഹസ്തം പദ്ധതിപ്രകാരം 35421300/- രൂപയാണ് സി.ഡി.എസ്സിന് അനുവദിച്ചത്. കൃത്യസമയത്ത് മിഷനിൽ നിന്നുള്ള നിർദ്ദേശങ്ങൾ വാട്സപ്പ് ഗ്രൂപ്പുവഴി അയൽക്കൂട്ടങ്ങൾക്ക് കൈമാറാനും അത് വഴി അപേക്ഷകളും മറ്റ് അനുബന്ധരേഖകളും കൃത്യസമയത്ത് തന്നെ കൈപ്പറ്റാനും ബാങ്കിൽ സമർപ്പിച്ച് വായ്പ്പ ലഭ്യമാക്കാനും സാധിച്ചു. 285 അയൽക്കൂട്ടങ്ങളിലായി 3080 അംഗങ്ങൾക്ക് അതുവഴി വായ്പ ലഭ്യമാക്കാന് സാധിച്ചു.



മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പ്പ വിതരണം

ആരോഗ്യവകുപ്പുമായി സഹകരിച്ച് ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയും പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ജീവനക്കാർക്കും ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട വോളണ്ടിയർമാർക്കും മാസ്ക് വിതരണം നടത്തുകയും ചെയ്തു.



പി.എച്ച്..സി ക്ക് മാസ്ക് കൈമാറുന്നു

പഞ്ചായത്തുമായി ചേർന്ന് സുഭിക്ഷകേരളം പദ്ധതി വാർഡുകളിൽ നടപ്പിലാക്കി.കമ്മ്യൂണിറ്റികിച്ചൻറെ പ്രവർത്തനത്തിൽ സി ഡി എസും പങ്കാളിയായി. പഞ്ചായത്തിൻറെ എല്ലാപ്രവർത്തനങ്ങളിലും സി.ഡി.എസ്സ് ഭാഗമായി. എൻ. ആർ. ഇ. ജി. എസ്സ് തൊഴിലാളികൾക്ക് ആവശ്യമായ 3000 മാസ്ക് സി.ഡി.എസ്സിൻറെ നേതൃത്വത്തിൽ കുടുംബശ്രീ സംരംഭങ്ങൾ തയ്യു നല്കുകയുണ്ടായി.



സുഭിക്ഷകേരളം പദ്ധതിയുടെ
ഭാഗമായി ഞാറ് നടുന്നു



എൻ.ആർ.ഇ.ജി.എസ്സ് തൊഴിലാളികൾക്ക്
ആവശ്യമായ മാസ്ക് പഞ്ചായത്ത്
പ്രസിഡൻറിന് കൈമാറുന്നു

പോലീസും എക്സൈസ് വകുപ്പും ചേർന്ന് സുരക്ഷാ ക്രമീകരണങ്ങളും ജാഗ്രതാ നിർദ്ദേശങ്ങളും വാർഡ് തലത്തിൽ നടപ്പാക്കി.

കോവിഡ് കാലഘട്ടത്തിൽ എല്ലാവരേയും പോലെ തന്നെ കുടുംബശ്രീ അംഗങ്ങളും സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് മുന്നോട്ട് പോകണം. അയൽക്കൂട്ട യോഗങ്ങൾ സാമൂഹിക അകലം പാലിച്ചും മാസ്ക് ധരിച്ചും കൂടണം. ബാങ്കുകളിലും മറ്റ് പൊതു ഇടങ്ങളിലും അത്യാവശ്യ യാത്രകൾ മാത്രം നടത്തുക. വ്യക്തി ശുചിത്വം പാലിക്കുകയും മറ്റുള്ളവരെ അത് പാലിക്കാൻ പ്രാപ്തമായ നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുക.

സി.ഡി.എസ്സ് ചെയർപേഴ്സൺ മുൻകൈ എടുത്ത് സ്വന്തം വരുമാനത്തിൽ നിന്നും ഒരു ഭാഗമെടുത്ത് വാർഡിലെ പാവപ്പെട്ട ആൾക്കാർക്ക് പച്ചക്കറി, മറ്റ് സാധനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.



ചെയർപേഴ്സൺ പച്ചക്കറി കിറ്റ് വിതരണം ചെയ്യുന്നു.



കുടുംബശ്രീ അംഗങ്ങൾ സാമൂഹിക അടുക്കളയിലേക്ക് പച്ചക്കറി സംഭാവന നല്കുന്നു.

കോവിഡ് നിയന്ത്രണ യജ്ഞത്തിൽ സർക്കാരിനൊപ്പം നിന്ന് ക്രിയാത്മക പ്രവർത്തനങ്ങൾ ചെയ്യാൻ ചിതറ സി.ഡി.എസ്സിന് കഴിഞ്ഞിട്ടുണ്ടെന്ന് അഭിമാന പൂർവ്വം പറയാൻ സാധിക്കും.

അമ്പിളി.എസ്സ്
ചെയർപേഴ്സൺ
ഫോൺ 9048032819

ഷെറീന.ഇ.എൽ
ബ്ലോക്ക് കോർഡിനേറ്റർ
ഫോൺ 8606835825